(ഇ) പബ്ലിക് ഹെൽത്ത് ലാബിൽ ഒഴിവുള്ള ജൂനിയർ പ്രോട്ടോ സുവോള ജിസ്റ്റ്, മറ്റു ലാബുകളിലെ ജൂനിയർ സയന്റിഫിക് ഓഫീസർ എന്നീ തസ്തികകൾ പ്രൊമോഷൻ വഴി നികത്തുന്നതിന് ഫീഡർ കാറ്റഗറികളിൽ നിലവിൽ അംഗീകൃത മായ സീനിയോരിറ്റി ലിസ്റ്റ് ഇല്ല. അംഗീകൃത സീനിയോരിറ്റി ലിസ്റ്റ് നിലവിൽ വന്ന ശേഷമേ ടി തസ്തികകൾ നികത്താനാകൂ.

നേഴ്സിംഗ് കോളേജുകളിൽ നിന്ന് വിജയിച്ചുവരുന്നവരെ പ്രൊവിഷണൽ നേഴ്സുമാരായി നിയമിക്കുന്ന വ്യവസ്ഥ

101(1378) ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നേഴ്സിംഗ് സ്കൂളുകളിൽ നിന്നും നേഴ്സിംഗ് കോളേജുകളിൽനിന്നും വിജയിച്ചുവരുന്നവരെ പ്രൊവിഷണൽ നേഴ്സുമാരായി നിയമിക്കുന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമനവ്യവസ്ഥയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് നേഴ്സിംഗ് കോഴ്സ് വിജയിച്ചു വരുന്നവരെ ഇപ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പിൽ പ്രൊവിഷണലായി നിയമിക്കാൻ വ്യവസ്ഥയുണ്ടോ;

(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് നേഴ്സിംഗ് കോഴ്സ് വിജയിച്ച എത്ര പേരെ ആരോഗ്യ വകുപ്പിൽ നിയമിച്ചുവെന്നും നിലവിലുള്ള വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഇപ്രകാരം നിയമനം നടത്താനുണ്ടായ സാഹചര്യങ്ങളും വിശദമാക്കാമോ;

(ഇ) വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമായി നടത്തിയതായണ് ഈ നിയമനങ്ങൾ എങ്കിൽ അവ റദ്ദാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരാണ് താത്ക്കാലിക അടിസ്ഥാനത്തിൽ (ബോണ്ടഡ് കാൻഡിഡേറ്റ്) നിയമിതരാകുന്ന സ്റ്റാഫ് നേഴ്സുമാരുടെ നിയമനാധികാരി. അവശ്യ സേവന ഘടകവും അതാതു ജില്ലകളിലെ നേഴ്സുമാരുടെ ഒഴിവുകളുടെ ലഭ്യതയുമനുസരിച്ച് ചട്ടപ്രകാരമാണ് ഇവരെ നിയമിക്കുന്നത്.

(സി) ഇല്ല.

(ഡി) ഇത്തരം നിയമനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത്തരം നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി കൈക്കൊള്ളുന്നതാണ്.

(1379-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല)

ലബോറട്ടറികൾ തുടങ്ങുന്നതിനുള്ള നിബന്ധനകൾ

101(1380) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലബോറട്ടറികൾ തുടങ്ങാൻ സർക്കാർ എന്തെങ്കിലും നിബന്ധനകൾ വച്ചിട്ടുണ്ടോ;

(ബി) ഇവർക്ക് സർക്കാർ ലൈസൻസ് കൊടുത്തിട്ടുണ്ടോ;

(സി) ലാബുകളിലെ ടെസ്റ്റുകൾ ഗുണനിലവാരം ഉള്ളതാണോ എന്ന് നോക്കുവാൻ എന്തെങ്കിലും സംവിധാനം സർക്കാരിനുണ്ടോ;

(ഡി) ലാബുകളിലെ ടെസ്റ്റിന്റെ ഗുണനിലവാരം ഇല്ലാത്തതുമൂലം ചെയ്യുന്ന ടെസ്റ്റിന്റെ ശരിയായി റിസൾട്ട് നെഗറ്റീവ് ആണെങ്കിലും പോസിറ്റീവ് ആയി കൊടുത്ത് ആളുകളെ രോഗികളാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ലാബുകൾ ഗുണനിലവാരം ഉള്ളതാണോ എന്ന് അറിയാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ഉടൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രത്യേക നിബന്ധനകൾ നിലവിലില്ല.

(ബി) ലൈസൻസ് കൊടുക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലില്ല.

(സി) നിലവിൽ സംവിധാനമൊന്നുമില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ രക്ഷാ സ്ഥാപനങ്ങളെ നിയന്ത്രിക്കാനുദ്ദേശിച്ച് ഒരു നിയമം നടപ്പിലാക്കാൻ സർക്കാർ ശ്രമിച്ചുവരുന്നു. കരടു നിയമം ഇപ്പോൾ നിയമ വകുപ്പിന്റെ പരിശോധനയിലാണ്.

പ്രിൻസിപ്പൽമാരെ നോൺ പ്രാക്ടീസിംഗ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയ നടപടി

102(1381)ശ്രീ. പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. സ്കെയിൽ നടപ്പാക്കിയപ്പോൾ ആയുർവ്വേദ, ഹോമിയോ മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാരെ നോൺ പ്രാക്ടീസിംഗ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly